**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 771** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗോത്ര വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ഐ.ഐ.ടി. ഉൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും ഗോത്ര വിദ്യർത്ഥികൾ പഠനം പൂർത്തിയാക്കാതെ പാതിവഴിയിൽ അവസാനിപ്പിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പാലക്കാട് ഐ.ഐ.ടിയിൽ ഉന്നത പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ബിരുദ ബിരുദാനന്തര തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ചിലരെങ്കിലും വിവിധ കാരണങ്ങളാൽ കോഴ്സ് പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഈ പ്രവണത തടയുന്നതിന് വകുപ്പ് തലത്തിൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം പൂർത്തീകരിക്കാത്ത പ്രവണത തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി ധനസഹായം അനുവദിക്കുന്നു. തെരഞ്ഞെടുത്ത 32 കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന ലാപ്ടോപ്പ് അനുവദിച്ച് വരുന്നു. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ, കേന്ദ്ര സ്കോളർഷിപ്പ് എന്നിവയും നൽകുന്നുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കോഴ്സ് വിജയിക്കുന്നതിന് പ്രത്യേക റെമഡിയൽ കോച്ചിംഗ് നടപ്പിലാക്കുന്നുണ്ട്. മെഡിക്കൽ, എഞ്ചിനീയറിംഗ്, ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനാവശ്യമായ ഫീസും അനുബന്ധ ചെലവുകളും അനുവദിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ